# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ.എച്ച്.എസ്.എസ് നെയ്യാർഡാം

## 2025-26



# ഉള്ളടക്കം


| ക്രമ നം. | **വിഷയം** | പേജ് നം |
|---|---|---|
| 1 | ആമുഖം | 1 |
| 2 | സ്കൂളിൻെറ ചരിത്രം | 2 |
| 3 | വിദ്യാലയം –മികവിന്റെ കേന്ദ്രം | 3–4 |
| 4 | ഭൗതികസൗകര്യങ്ങൾ | 5 |
| 5 | ഇനിയും നേടേണ്ടവ | 6–7 |
| 6 | എൽ.പി വിഭാഗം | |
| 7 | യു.പി വിഭാഗം | |
| 8 | ഹൈസ്കൂൾ വിഭാഗം | |

# ആമുഖം

വിദ്യാർത്ഥികൾക്ക് ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ഈ വർഷത്തെ നമ്മുടെ പ്രധാനലക്ഷ്യം. വിദ്യാർത്ഥികൾക്ക് സർവ്വോൻമുഖമായ വളർച്ച പ്രദാനം ചെയ്യുന്ന ഒരു വൈജ്ഞാനിക കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നാടിന്റെ മികച്ച സാംസ്കാരിക കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതോടൊപ്പം നാടിന്റെ ജൈവവൈവിധ്യസമ്പത്ത് സംരക്ഷിക്കുന്ന ഒരു ജൈവവൈവിധ്യ സംരക്ഷണകേന്ദ്രമായി സ്കൂളിനെ മാറ്റിയെടുക്കുക എന്നതും ലക്ഷ്യങ്ങളിൽ പെടുന്നു. വിദ്യാർത്ഥികളുടെ ബുദ്ധിപരവും, മാനസികവും, ശാരീരികവുമായ വ്യത്യസ്ത കഴിവുകൾ കണ്ടെത്തി അതിനനുസരിച്ചുള്ള പഠന–പഠനാനുബന്ധ പ്രവർത്തനങ്ങൾ അവർക്ക് പ്രദാനം ചെയ്യുന്ന രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എൽപി, യുപി, ഹൈസ്കൂൾ, വിഭാഗങ്ങളിൽ ഭാഷ, ഗണിതം, ശാസ്ത്രം സാമൂഹ്യശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയിൽ നമ്മുടെ വിദ്യാർഥികൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ സ്കൂളിനെ മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യം. ദേശീയ– സംസ്ഥാനതല പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തരത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകുക എന്നതും ഈ അക്കാദമിക പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നു.

മികച്ച പാരിസ്ഥിതിക അവബോധം, ധാർമികചിന്ത, ജനാധിപത്യ–മതേതരത്വ മനോഭാവം, സഹജീവിസ്നേഹം തുടങ്ങിയ സാമൂഹ്യമൂല്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഭാവിയുടെ വാഗ്ദാനങ്ങൾ ആയതുകൊണ്ട് തന്നെ വിദ്യാർത്ഥികളെ ശരിയായ രീതിയിൽ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്നത് ഒരു വിദ്യാലയത്തിന്റെ സാമൂഹിക ഉത്തരവാദിത്വമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

"മനുഷ്യനിൽ അന്തർലീനമായ പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം" എന്നതുകൊണ്ട് തന്നെ ഒരു പൂർണ്ണ മനുഷ്യനെ സൃഷ്ടിക്കലാണ് ഏതൊരു വിദ്യാലയത്തിന്റെയും ലക്ഷ്യം. വ്യക്തിഗത പ്രവർത്തനങ്ങളിലൂടെ മാത്രമേ ഈ ഒരു ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും, ഭൗതിക സാഹചര്യങ്ങളും ആണ് സ്കൂളിൽ സൃഷ്ടിക്കേണ്ടത്. സമൂഹത്തിലുള്ള വിവിധങ്ങളായ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽ ചെന്ന് പെടാതെ മികച്ച പൗരന്മാരായി വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മനുഷ്യ കേന്ദ്രീകൃത ചിന്തകൾക്കപ്പുറത്ത് സർവ്വജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഈ ഭൂമിയെന്ന വിശാല പാരിസ്ഥിതിക ബോധത്തിന്റെ വെളിച്ചത്തിലൂടെ കടന്നുപോകാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടിയാണ് ഈ വിദ്യാലയത്തെ ഒരു ജൈവവൈവിധ്യ കേന്ദ്രമാക്കി വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആവിഷ്കരിച്ചത്.

മികച്ച വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളെ വളർത്തിയെടുത്ത് നാടിന്റെ എല്ലാ തൊഴിൽ മേഖലകൾക്കും ആവശ്യമായ മെച്ചപ്പെട്ട മാനവ വിഭവം പ്രദാനം ചെയ്യുക എന്നത് വിദ്യാലയത്തിന്റെ ഉത്തരവാദിത്വമാണ്. സ്വന്തം കഴിവുകളിലും, അഭിരുചികളിലും ആത്മവിശ്വാസമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയും ലഹരി എന്ന ചതിക്കുഴിയിൽ പെടാതെ മികച്ച ധാർമിക നിലവാരമുള്ള വിദ്യാർത്ഥികളായി വളരുക എന്നതിന് മികച്ച പിന്തുണ നൽകുക എന്നതുമാണ് നമ്മുടെ ലക്ഷ്യം. നീതിബോധം, ഉയർന്ന സാമൂഹ്യബോധം, പാരിസ്ഥിതിക ചിന്ത, ധാർമിക ബോധം, ഭാഷാ നൈപുണി, ജനാധിപത്യചിന്ത, സമത്വചിന്ത, സ്വയാവബോധം, ഉൾച്ചേർക്കൽ തുടങ്ങിയ മികച്ച ഗുണങ്ങളുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ആകെത്തുക.

# സ്കൂളിൻെറ ചരിത്രം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര വിദ്യാഭ്യാസജില്ലയിലെ കാട്ടാക്കട ഉപജില്ലയിലെ ഒരു പ്രധാനപ്പെട്ട സർക്കാർ സ്കൂളാണ് ഗവ,എച്ച്.എസ്.എസ് നെയ്യാർഡാം.സഹ്യാദ്രിയുടെ താഴ്‌വാരത്തിൽ സ്ഥിതിചെയ്യുന്ന കള്ളിക്കാട് ഗ്രാമം. അഗസ്ത്യാർകൂടത്തിൽ നിന്നും ഉത്ഭവിക്കുന്ന നെയ്യാർ, ഈ ഗ്രാമത്തെ രണ്ടായി പകുത്തുകൊണ്ട് ഒഴുകുന്നു. തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലുൾപ്പെട്ട ഒട്ടേറെ പ്രദേശങ്ങളിലെ കൃഷിക്ക് ജീവജലം നല്കുന്ന നെയ്യാർ അണക്കെട്ട് ഈ ഗ്രാമത്തിലാണ്. മലയാളത്തിന്റെ പ്രിയ കവി ശ്രീ വയലാർ രാമവർമ്മയെ, ഈ മനോഹരതീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി ... എന്ന് പാടാൻ പ്രലോഭിപ്പിച്ച പ്രകൃതിഭംഗി ഈ ഗ്രാമത്തിന് സ്വന്തം. കള്ളിക്കാട് ഗ്രാമത്തിൽ നെയ്യാർ ഡാം ജലസംഭരണിയുടെ അരികിലാണ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ നെയ്യാർ ഡാം സ്ഥിതിചെയ്യുന്നത്.

## ചരിത്രം

തിരുവനന്തപുരം ജില്ലയിലെ പ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ നെയ്യാർഡാമിന് അടുത്ത് സ്ഥിതിചെയ്യുന്ന ഈ സ്കൂളിന്റെ ഉൽപ്പത്തി തന്നെ ഡാമുമായി ബന്ധപ്പെട്ടിരിക്കുന്നു. നെയ്യാർ ഇറിഗേഷൻ പ്രോജക്ടിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ഈ സ്കൂൾ ആരംഭിച്ചത്. ഈ സ്കൂളിലെ ആദ്യ പ്രഥമാധ്യാപകൻ നെയ്യാറ്റിൻകര സ്വദേശിയായ ശ്രീ രാജനാണ്. പ്രശസ്തനായ ഡോ.സീനജ്ചന്ദ്രൻ, കോളേജ് ലക്ചർ ഷീല, സുരേഷ് എം.ടെക് (ഒന്നാം റാങ്ക്). എൻ.ഐ.പി.ക്വാർട്ടേഴ്സിലെ ശ്രീ അപ്പുക്കുട്ടൻ നായരുടെ മകൾ സി. ഉഷാകുമാരിയാണ് ആദ്യ വിദ്യാർത്ഥിനി.

ഈ സ്കൂൾ 1964 ൽ ഹൈസ്കൂളായും 2000 ജൂണിൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു. എം.പി.ഫണ്ടിൽ നിന്നും ലഭിച്ച ഗ്രന്ഥശാല സ്കൂളിന്റെ പറയത്തക്ക നേട്ടങ്ങളിൽ ഒന്നാണ്. എം.പി.ഫണ്ടിൽ നിന്നു ലഭിച്ച ഓപ്പൺ ആഡിറ്റോറിയം പൊതു പരിപാടികൾ നടത്തുന്നതിന് ഒരനുഗ്രഹമാണ്. ദേശഭക്തിഗാനങ്ങളുടെ പ്രസക്തി ഗ്രാമീണരിലേക്ക് എത്തിക്കുന്നതിന് സ്കൂളിൽ ഒരു ഓർക്കസ്ട്രയും എല്ലാ സജ്ജീകരണങ്ങളോടുകൂടിയ എയർ കണ്ടീഷൻ ചെയ്ത രണ്ട് കംപ്യൂട്ടർ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളിൽ ഇപ്പോൾ എൽ.പി വിഭാഗത്തിൽ 135 ഉം യു.പി വിഭാഗത്തിൽ 135 ഉം ഹൈസ്കൂൾ വിഭാഗത്തിൽ 181 ഉം ഹയർസെക്കന്ററി വിഭാഗത്തിൽ 360 ഉം ഉൾപ്പെടെ811 കുട്ടികളുണ്ട്. പ്രീ.പ്രൈമറി വിഭാഗത്തിൽ 67 കുട്ടികൾ പഠിക്കുന്നുണ്ട്. ശ്രീ എസ് സാംബശിവനാണ് പ്രഥമാധ്യാപകൻ. ശ്രീമതി കൗസ്തുഭം ഹയർ സെക്കന്ററി പ്രിൻസിപ്പാൾ എച്ച്.എസ്.എസ്.വിഭാഗത്തിൽ 15 ഉം എച്ച്.എസ്.വിഭാഗത്തിൽ 23 ഉം പ്രീ.പ്രൈമറിയിൽ 3 ഉം അദ്ധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഗവർമെന്റ്.എച്ച്.എസ്.എസ്.നെയ്യാർഡാം.പി.ഒ തിരുവനന്തപുരം 695572 ഹയർസെക്കന്ററിയ്ക്ക് പുതിയ മന്ദിരവും, ഹൈസ്കൂൾ, യു.പി, എൽ പി ഇവക്കായി ഒരു രണ്ട് നില മന്ദിരവും ഒരു കോൺക്രീറ്റ് മന്ദിരവും രണ്ട് ഓടിട്ട കെട്ടിടങ്ങളുമാണ് നിലവിലുള്ളത്. ആസ്ബറ്റോസ് മേഞ്ഞ ഒരു കെട്ടിടവുമുണ്ട്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഹൈസ്കൂളുകളിൽ സയൻസ് ലാബ്, ലൈബ്രറി, സ്കൂൾ സൊസൈറ്റി, വായനമുറി എന്നിവ നിലവിലുണ്ട്. സ്ഥല സൗകര്യം കുറവായതിനാൽ കുട്ടികൾക്ക് കളിസ്ഥലം പരിമിതമാണ്. ഓടിട്ട കെട്ടിടങ്ങൾ വളരെ പഴക്കം ചെന്നവയാണ്. അതു കാരണം മഴക്കാലത്ത് പ്രയാസം ഉണ്ടാകുന്നുണ്ട്. ഒരു ക്ലാസ് മുറി ആഡിറ്റോറിയത്തിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ പൊതു പരിപാടികൾ നടത്തുമ്പോൾ കുട്ടികൾക്ക് അസൗകര്യമുണ്ടാകുന്നു. അടുക്കളയും സ്റ്റോർ റൂമും ഉണ്ട്. എന്നാൽ ഭക്ഷണം വിളമ്പുന്നതിനുള്ള സൗകര്യമില്ല.

# വിദ്യാലയം മികവിന്റെ കേന്ദ്രം

മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ഓരോ വിദ്യാർത്ഥിയിലും ധാർമിക ധാരണകളും, നൈപുണീ ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിന് വേണ്ടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. വിദ്യാലയങ്ങളിൽ നിന്നുമാർജിക്കുന്ന അറിവ് ജീവിതത്തിൽ പ്രായോഗിക തലത്തിൽ കൊണ്ടുവരത്തക്ക രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

* പ്രീപ്രൈമറി മുതൽ വി.എച്ച്.എസ്.ഇ വരെ ഓരോ ക്ലാസിലും കുട്ടികൾ ആർജിക്കേണ്ട ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. പഠന വിഷയങ്ങളിൽ ആശയങ്ങൾ ഉറപ്പിക്കണം. കലാ–കായിക–പ്രവർത്തി–പരിചയ പഠനത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കണം. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. പഠിക്കുന്ന ഭാഷകളിലെല്ലാം ആശയവിനിമയശേഷി ഉണ്ടാകണം.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവങ്ങൾ ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ലഭ്യമാക്കുക.
* മികച്ച ഭൗതിക സാഹചര്യങ്ങൾ സ്കൂളിൽ ഒരുക്കുക.
* അധ്യാപനത്തിൽ ഉന്നത നിലവാരം പുലർത്തുന്നതിന് വിവിധ അധ്യാപക പരിശീലനങ്ങൾ അധ്യാപകർക്ക് ലഭ്യമാക്കുക.
* സാങ്കേതികവിദ്യയുടെ ഉപയോഗം എല്ലാ ക്ലാസുകളിലും ഉറപ്പാക്കുകയും അത്തരത്തിലുള്ള അധ്യാപനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
* കലാകായിക പ്രവർത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം.
* ഗവേഷണാത്മക അധ്യാപനത്തിനും, ഗവേഷണാത്മക പഠനങ്ങളിൽ വിദ്യാർത്ഥികൾക്കും അവസരം ഒരുക്കുക.
* പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ അധ്യാപനാരംഭത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ പഠനസഹായം അവർക്ക് കൂടി സ്വീകാര്യമായ രീതിയിൽ നൽകുന്നു.
* സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ കുട്ടികൾക്ക് പഠനപ്രക്രിയയിൽ സജീവമാക്കുന്ന രീതിയിൽ പ്രവർത്തന സജ്ജമാക്കുക.

* ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, അവബോധ ക്ലാസുകൾ, സെമിനാറുകൾ പ്രോജെക്ട്കൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനരീതികൾ ഉപയോഗപ്പെടുത്തുക.

* കാർഷിക സംസ്കാരം പുതുതലമുറകൾ തലമുറയിൽ വളർത്തിയെടുക്കുന്നതിന് വേണ്ടി പച്ചക്കറിത്തോട്ടങ്ങൾ ഔഷധത്തോട്ടങ്ങൾ തുടങ്ങിയവ സ്കൂളിൽ സജ്ജമാക്കുക. അതിനുള്ള ഇത്തരം പദ്ധതികൾ കൂടുതൽ വിപുലീകരിക്കുക.

* ശാസ്ത്ര ഗണിതശാസ്ത്ര സോഷ്യൽ സയൻസ്ഐടി പ്രവർത്തി പരിചയമേളകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

* വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

* ഡിജിറ്റൽ പത്രങ്ങൾ മാസികകൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.

* ഉറവിട മാലിന്യ നിർമാർജനം ഒരു സംസ്കാരം ആക്കി വളർത്തിയെടുക്കുക.

* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം, പ്ലാസ്റ്റിക് നിയന്ത്രിത കുടുംബങ്ങൾ എന്നിവ നടപ്പാക്കുക.

* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പുതിയ തലമുറയെ പൂർണമായും മുക്തമാക്കാനുള്ള സജീവമായ ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്തു വിദ്യാലയത്തെ സമ്പൂർണ്ണ ലഹരി വിരുദ്ധ വിദ്യാലയമായി പ്രഖ്യാപിക്കുക.

* രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക.

* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയമായ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുക.

* ക്ലാസ് അക്കാദമിക പ്ലാൻ രൂപപ്പെടുത്തുക.

* ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.

# ഭൗതികസൗകര്യങ്ങൾ

# ഇനിയും നേടേണ്ടവ...........

നിരവധി ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനിയും മെച്ചപ്പെടുത്തലുകൾ വേണ്ട മേഖലകൾ നിരവധിയാണ്.

**വാഹന ഷെഡ്ഡ് നിർമ്മാണം:** ലക്ഷ്യം: സുരക്ഷിതമായ വാഹന പാർക്കിംഗ്. സ്കൂളിൽ കുട്ടികളുടെ സൈക്കിൾ വയ്ക്കാനുള്ള സൈക്കിൾ ഷെഡ്,അദ്ധ്യാപകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കൽ.

**കുടിവെള്ള വിതരണം** :ലക്ഷ്യം: ശുദ്ധജലം ലഭ്യമാക്കൽ ശുദ്ധജല വിതരണ ശൃംഖലയിലെ ജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുനസ്ഥാപിക്കുക.

**യോഗ പരിശീലന കേന്ദ്രം:** ലക്ഷ്യം:ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ .വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിന് വേണ്ടി സജ്ജമാക്കൽ. പെൺകുട്ടികൾക്കും ആൺ കുട്ടികൾക്കും പ്രത്യേക യോഗ ക്ലാസുകൾ.

**ജനറേറ്റർ സ്ഥാപിക്കാൻ :**വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും കമ്പ്യൂട്ടർലാബ്, ഓഫീസ്, ഹൈടെക്ക്ലാസ് റൂമുകൾ എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാനും ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കുക. ചുമതല പിടിഎ. സാമ്പത്തിക വിശകലനം 20 ലക്ഷം രൂപ

**മൈതാന നിർമ്മാണം:** ലക്ഷ്യം: കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ .വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വിവിധ കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ. ചുമതല പിടിഎ

**ചിൽഡ്രൻസ് പാർക്ക് :**ലക്ഷ്യം: പഠനം വിനോദത്തിലൂടെ. കൊച്ചുകുട്ടികൾക്ക് പഠനത്തോടൊപ്പം വിനോദത്തിനും പ്രാധാന്യം നൽകി ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കൽ. കാലം രണ്ട് വർഷം

**മാലിന്യ സംസ്കരണം:** ലക്ഷ്യം: ശുദ്ധമായ അന്തരീക്ഷം ഒരുക്കൽ. ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ.

**ബയോഗ്യാസ് പ്ലാന്റ്:** ലക്ഷ്യം: മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ .പ്രവർത്തനങ്ങൾ സകൂളിൽ ഉണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസാക്കി മാറ്റുക.

**ഭോജനശാല :**ലക്ഷ്യം: ശുചിത്വപൂർണ്ണമായ ചുറ്റുപാടിൽ ഭക്ഷണം കഴിക്കുന്നതിന് അവസരം ഒരുക്കൽ. സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഭക്ഷണശാല ഒരുക്കൽ.

വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും മികച്ച വായനക്കാരൻ ആക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിൽ എത്തിച്ച് വായനയും എഴുത്തും ഒരു നവ്യാ അനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചം ആക്കി മാറ്റാനുള്ള നൂതന സംരംഭം 2024–25 അധ്യായന വർഷത്തിലെ ഗവൺമെന്റ് വഎച്ച്എസ്എസ് നെയ്യാർഡാമിൻെറ പുതിയ പദ്ധതി

# എൽ. പി .വിഭാഗം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ എൽ പി വിഭാഗത്തിലേക്ക് കൃത്യമായി എത്തിക്കുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2024-25 അധ്യയന വർഷത്തിൽ എൽ.പി വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിരിക്കുന്നത്. സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു കേന്ദ്രീകൃതവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# ഭാഷ

സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യം മൂല്യങ്ങൾ സ്വാംശീകരിക്കാനും ജീവിത സന്ദർഭങ്ങളിൽ ഉചിതമായ പ്രയോഗിക്കാനും കഴിയുക.

കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.

രചനകൾ ഭാവാത്മകമായി വായിക്കുക.

ആസ്വദിച്ച ഭാഷാഘടകങ്ങൾ,കഥാ,കവിത,പാട്ട്,നാടൻപാട്ട്,കടങ്കഥ,പഴഞ്ചൊല്ല് മുതലായവ ഹൃദിസ്ഥമാക്കാനും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക.

ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക

മികച്ച ഭാഷയിൽ എഴുതാനും ഒഴുക്കോടെയും അനായാസവും വായിക്കാനുമുള്ള പ്രാപ്തി നേടുക.

ബാലസാഹിത്യകൃതികൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുക.

സന്ദർഭത്തിനനുസരിച്ച് സംഭാഷണം,കത്ത്,നിവേദനം തുടങ്ങിയ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുക.

| പഠനലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ത്തികം |
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയത്തോടെയും ഉള്ള വായന | വായിക്കാം,എഴുതാം, വീണ്ടും വായിക്കാം | കൂട്ടുകാർക്ക് മുന്നിൽ ഉച്ചത്തിൽ വായന. വായിച്ച ഭാഗം നോട്ടുബുക്കിൽ എഴുതുക .നിശബ്ദ വായന. വായനാ കാർഡ്. | ജൂലൈ (രണ്ടാഴ്ച) | |
| | വായന | *ചിത്ര വായന – ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>*കഥ പറയൽ<br>*റോൾ പ്ലേ<br>*കഥ പൂർത്തിയാക്കൽ<br>അക്ഷരക്കാർഡ്<br>* പദക്കാർഡ്<br>* വായനക്കാർഡ് | | |
| | വായിക്കാം, എഴുതാം ,കേൾക്കാം –തുടർ പ്രവർത്തനം | കുട്ടികൾക്ക് വായന കാർഡ് നൽകുന്നു .വായന കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതുന്നു. കുട്ടി രക്ഷിതാവിന് വായന കാർഡ് വായിച്ചു കേൾപ്പിക്കുന്നു .കുട്ടി വായിക്കുന്നതിന്റെ ഓഡിയോ വീഡിയോ അയച്ചു തരുന്നു.<br>**********************************************<br>മലയാളം മധുരം<br>സംയുക്ത ഡയറി ജൂൺ മാർച്ച്<br>സചിത്രപുസ്തകം<br>പാട്ടരങ്ങ്<br>റീഡേഴ്സ് തിയേറ്റർ<br>നാട്ടുവിശേഷം കൂട്ടെഴുത്ത്<br>ക്ലാസ് പത്രം<br>രചനോത്സവം<br>ഭാഷോത്സവം | ജൂലൈ രണ്ടാഴ്ച<br><br>ജൂൺ–മാർച്ച് | |
| | വായിക്കാം ആശയം പറയാം ( ആശയ ഗ്രഹണ വായന) | കുട്ടിക്ക് കഥാപുസ്തകം വായന കാർഡ് എന്നിവ നൽകുന്നു. നിശബ്ദ വായന. വായിച്ചറിഞ്ഞ ആശയം പറയൽ .അധ്യാപികയുടെ ഇടപെടൽ. ആവർത്തനവായന. കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. കുട്ടിക്ക് വായന കാർഡ് നൽകുന്നു. നോട്ടുബുക്കിൽ എഴുതുന്നു. രക്ഷിതാവിന് വായിച്ചു കേൾപ്പിക്കുന്നു .വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു .കുട്ടി പറയുന്ന ഓഡിയോ വീഡിയോ അയച്ചു തരുന്നു. | | |
| | വായിക്കാം | കുട്ടിക്ക് വായന കാർഡ് നൽകുന്നു. | സെപ്റ്റം | |

| | | | | |
|---|---|---|---|---|
| | കേൾക്കാം– തുടർ പ്രവർത്തനം വായിക്കാം അഭിപ്രായം പറയാം | നോട്ട്ബുക്കിൽ എഴുതുന്നു. കുട്ടി രക്ഷിതാവിന് വായിച്ചു കേൾപ്പിക്കുന്നു .കുട്ടി വായിക്കുന്നതിന്റെ ഓഡിയോ വീഡിയോ അയച്ചു തരുന്നു. കുട്ടികൾക്ക് കഥാപുസ്തകം നൽകുന്നു. വായിച്ച് അവതരിപ്പിക്കാൻ അവസരം. കഥാപാത്രങ്ങളെക്കുറിച്ചും കഥയെ കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു. | ബർ രണ്ടാഴ്ച | |
| | കനകച്ചിലങ്ക | *നാടൻ പാട്ടുകൾ<br>*ശേഖരണം<br>*പഴഞ്ചൊല്ലുകൾശേഖരണം<br>*കഥശേഖരണം<br>*കടങ്കഥ ശേഖരണം | ജൂൺ – ജൂലൈ | |
| | പലഹാരപ്പൊതി | *കുട്ടികൾ വരച്ച ചിത്രങ്ങൾ ഒരുക്കൽ.<br>*കടങ്കഥകൾ ഒരുക്കി വയ്ക്കൽ .<br>*നാടകശില്പശാല/റോൾപ്ലേ അവതരണങ്ങൾ<br>*ആഹാരവുമായി ബന്ധപ്പെട്ട പാട്ടുശേഖരണം<br>*പാചകക്കുറിപ്പ് തയ്യാറാക്കുക. | ആഗസ്റ്റ് – സെപ്റ്റം ബർ | |
| | മനുഷ്യൻെറ കൈകൾ | *കുട്ടികൾ വരച്ച ചിത്രങ്ങൾ ഒരുക്കൽ.<br>*കടങ്കഥകൾ ഒരുക്കി വയ്ക്കൽ .<br>*നാടകശില്പശാല/റോൾപ്ലേ അവതരണങ്ങൾ<br>*ആഹാരവുമായി ബന്ധപ്പെട്ട പാട്ടുശേഖരണം<br>*പാചകക്കുറിപ്പ് തയ്യാറാക്കുക. | ഒക്ടോബർ | |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു | ക്ലാസ് റൂം ലൈബ്രറി | ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു. ലൈബ്രേറിയനായ കുട്ടിയെ കുട്ടികൾ തന്നെ തിരഞ്ഞെടുക്കുന്നു. പുസ്തകവിതരണം, വായന .വായന അനുഭവം പങ്കുവയ്ക്കൽ. | | |
| | എഴുതാം കഥ കാണാം എഴുതാം തുടർ പ്രവർത്തനം | ഐ.സി.ടി ഉപയോഗിച്ച് കഥ കാണാൻ അവസരം കണ്ടെത്തുന്നു. കഥ എഴുതാൻ അവസരം. അധ്യാപികയുടെ ഇടപെടൽ. മെച്ചപ്പെടുത്തിയെഴുതൽ. രക്ഷിതാവിന് കുട്ടിയെഴുതിയ കഥ വായിച്ചു കേൾപ്പിക്കുന്നു. കുട്ടി വായിക്കുന്നതിന്റെ ഓഡിയോ വീഡിയോ അയച്ചു തരുന്നു. | | |
| | ചിത്രത്തിൽ എന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു. ചിത്രത്തിൽ എന്തെല്ലാം എന്ന് പറയാൻ അവസരം. വിവരണം എഴുതൽ. അധ്യാപികയുടെ ഇടപെടൽ രചന | | |

| | | | | |
|---|---|---|---|---|
| | | മെച്ചപ്പെടുത്തൽ . | | |
| | എന്തെല്ലാം കാഴ്ചകൾ | കുട്ടി രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് തയ്യാറാക്കുന്നു.എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ വീഡിയോ അയച്ചു തരുന്നു. | | |
| | കവിത പൂർത്തിയാക്കാം.പ ാടി അവതരിപ്പിക്കാം | കവിത പൂർത്തിയാക്കാൻ അവസരം. കവിതയ്ക്ക് ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു. | | |
| | സർഗാത്മക രചന | കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു കുട്ടിയെഴുതിയ കവിത രക്ഷിതാവിന് പാടി കേൾപ്പിക്കുന്നു കവിത പാടുന്നതിന്റെ ഓഡിയോ വീഡിയോ അയച്ചുതരുന്നു കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വന്തം കഥ എഴുതാൻ അവസരം കുട്ടി എഴുതിയ കഥ വായിച്ചു കൂട്ടിച്ചേർക്കലുകൾ നിർദ്ദേശങ്ങൾ നൽകുന്നു കഥ മെച്ചപ്പെടുത്തി എഴുതുന്നു കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു | | |
| | കവിത വായനയും ആസ്വാദനവും | ചെറിയ കവിതകൾ കുട്ടികൾക്ക് നൽകുന്ന വായിക്കുന്നു ആലപിക്കുന്നു കുട്ടി ക്ലാസിൽ കുട്ടികൾ സ്വയം അവതരിപ്പിക്കുന്നു | സെപ്റ്റം ബർ - ഒക്ടോ ബർ | |
| | **കഥയരങ്ങ്** | ഓരോ ദിവസവും ഓരോ ചെറിയ കഥകൾ (വായന കാർഡ്) കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ കഥ വായിക്കുന്നു. അടുത്ത ദിവസം ആ കഥ ഒരു കുട്ടി ക്ലാസിൽ അവതരിപ്പിക്കുന്നു. | സെപ്റ്റം ബർ– ഒക്ടോബർ | |
| | **കുട്ടികളുടെ സാഹിത്യ വേദി** | ആഴ്ചയിൽ ഒരു ദിവസം വായിച്ച കഥകളെ കുറിച്ചുള്ള അവതരണം. ആദ്യത്തെ രണ്ടോ മൂന്നോ ആഴ്ചകളിൽ അധ്യാപകൻ മാതൃക അവതരണം നടത്താം. കുട്ടികളുടെ അഭിപ്രായങ്ങൾ കൂട്ടിച്ചേർക്കാം . | നവംബർ – ജനുവരി | |
| | **പുസ്തക വായന** | ബാലസാഹിത്യകൃതികൾ വായിക്കുന്നു വായനക്കുറിപ്പുകൾ എഴുതുന്നു. പങ്കുവയ്ക്കുന്നു, | ഫെബ്രുവ രി– മാർച്ച് | |
| സ്വന്തം ഭാഷയിൽ തെറ്റുകൂടാതെ ആശയങ്ങൾ എഴുതുന്നു | ചിത്ര വായന ചിത്രകാർഡ് മേനി പറച്ചിൽ കഥ പറയൽ ഊഹിച്ചു പറയൽ റോൾപ്ലേ കഥ | | ജൂൺ | |

| | | | | |
|---|---|---|---|---|
| | പൂർത്തിയാക്കൽ ചോദ്യങ്ങൾ കഥ വായന | | | |
| എല്ലാ കുട്ടികളുടെയു ം ആശയ ഗ്രഹണ വായന ഉറപ്പാക്കൽ | | ക്ലാസ് ലൈബ്രറി, പുസ്തകങ്ങൾ വായന, പുസ്തകപരിചയം, ചിത്രങ്ങളെ കഥയാക്കൾ, ചോദ്യങ്ങൾ, വായന, വായിച്ച കഥയെ സംഭാഷണ വിതരണം തുടങ്ങിയവ | ജൂൺ ജൂലൈ | |
| സ്വതന്ത്രമായ സർഗാത്മക പ്രകടന വേദിയൊരു ക്കൽ | | പാട്ടരങ്ങ് ,പ്രകൃതി നടത്തം ,ഭാഷണം യാത്രാവിവരണം വായിച്ച പുസ്തകങ്ങളുടെ ആശയരംഗാ വിഷ്കാരം ,റീഡേഴ്സ് തീയേറ്റർ | സെപ്റ്റം, ബർ | |
| | | | | |

# ഗണിതം

| പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തി കം |
|---|---|---|---|---|
| സംഖ്യാബോ ധം ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതുന്നു | നറുക്കെടുക്കാം | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കാം .മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ | |
| | ചങ്ങാതിക്കൂട്ടം | സംഖ്യ നറുക്കെടുക്കുന്നു. സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം . | ജൂൺ | |
| | പാറ്റേൺ പൂർത്തിയാക്കാം. ക്രമത്തിൽ ആക്കാം | വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കുന്നു. വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണക്രമം അവരോഹണ ക്രമം എഴുതാം. | | |

| | | | | |
|---|---|---|---|---|
| ഒരൊക്ക രണ്ടക്ക മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ഇഷ്ടമുള്ള സംഖ്യ എഴുതാം. സംഖ്യകാർഡ് ഉപയോഗിച്ച് സംഖ്യകളെ ഒന്ന്, പത്ത്, നൂറ്, ആയിരം, കൂട്ടങ്ങളാക്കി മാറ്റാം. | | |
| | സംഖ്യ സൂര്യൻ | ഇഷ്ടമുള്ള സംഖ്യ ക്ലാസ്സ് തല ബോർഡിൽ എഴുതാം. ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതുന്നു. | | |
| | ക്രമീകരിക്കാം | സംഖ്യകളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കുന്നു. ചെറുതിൽ നിന്നും വലുതിലേക്ക്. വലുതിൽ നിന്ന് ചെറുതിലേക്ക്. സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു. | | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | ക്ലാസിൽ ഒരു കട കച്ചവട കണക്ക് | കുട്ടികളുടെ ബുക്ക് ,പേന, പെൻസിൽ ,വെള്ളം, പയർ, അരി മുതലായവ ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു. | | |
| | നിലവിലുള്ള രൂപ നാണയം എന്നിവ പരിചയപ്പെടുന്നു സംഖ്യ ചക്രം | കളി നോട്ട് ഉപയോഗിച്ച് കച്ചവട കളി ഒരുക്കുന്നു. കട നടത്തുന്നതും വാങ്ങാൻ എത്തുന്നവരും കുട്ടികൾ തന്നെ. സാധനങ്ങൾ വാങ്ങുകയും പണം അതായത് കളിനോട്ട് കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ഗ്രൂപ്പിൽ ചർച്ച നടക്കുന്നു. പ്രയാസങ്ങൾ അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു– | സംഖ്യചക്രം | സംഖ്യ ചക്രം. രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | | |
| | സമയചക്രം | തെർമോക്കോൾ ഉപയോഗിച്ച് ക്ലോക്ക് നിർമ്മിക്കുന്നു. ചാർട്ട് ഉപയോഗിച്ച് സമയക്രമം തയ്യാറാക്കുന്നു. സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നം പരിഹരിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നു. | | |
| | ആരുടെ കയ്യിൽ | അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ കാർഡുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | | |
| | ജോഡി കണ്ടെത്താം | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു .കുട്ടികൾക്ക് സംഖ്യകൾ എഴുതിയ ലോട്ടുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു. കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ | | |

| | | | | |
|---|---|---|---|---|
| | | ഉത്തരമാണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | | |
| | ഭാഗ്യവാനെ കണ്ടെത്താം | .അധ്യാപകൻ ബോർഡിൽ ഒരു എഴുതുന്ന ഒരു സംഖ്യ എഴുതുന്നു വിവിധ ക്രിയകൾ അടങ്ങിയ നരക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു ക്രിയ ചെയ്യാം ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം | ആഗസ്റ്റ് ഫെബ്രുവരി | |
| | ജോഡി കണ്ടെത്താം | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി കളത്തിലൊട്ടിക്കാം രണ്ടു സംഖ്യകൾ തിരഞ്ഞെടുക്കുന്നു അവ തമ്മിലുള്ള സംഘലനം വ്യവകലനം ഗുണനഹരണം | | |
| | രൂപങ്ങൾ പറയാം, കണ്ടെത്താം, വരയ്ക്കാം | ക്ലാസ് റൂമും പരിസരവും നിരീക്ഷിക്കുന്നു. കണ്ടെത്തിയ രൂപങ്ങൾ പറയുന്നു. വരയ്ക്കുന്നു. ജാമിതീയ രൂപങ്ങൾ ഉണ്ടാക്കുന്ന. വരയ്ക്കുന്നു | | |
| സ്ഥാനവില മനസ്സിലാക്കുന്നു | സ്ഥാനവില മനസ്സിലാക്കുന്നു | അധ്യാപകൻ ബോർഡിൽ സംഖ്യ ചാർട്ട് പതിക്കുന്നു സംഖ്യ കാണിക്കുന്നു ശരിയായ സ്ഥാനം ഉറപ്പിച്ച് സംഖ്യ ചാർട്ടിൽ വരയ്ക്കുന്നു.സ്ഥാനവില പോക്കറ്റ് ടീച്ചർ ബോർഡിൽ സ്ഥാനമില്ല പോക്കറ്റ് ഒട്ടിക്കുന്നു സംഖ്യകൾ പറയുന്നു കുട്ടികൾ സ്ഥാനം വില അനുസരിച്ച് പോക്കറ്റിൽ ഇടുന്ന കുട്ടികളെ അനുമോദിക്കുന്നു | ആഗസ്റ്റ് ഫെബ്രുവരി | |

# പരിസരപഠനം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗതപ്രവർത്തനങ്ങളിൾ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൾ ഏർപ്പെടുന്ന കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവം വളർത്തി കുട്ടികളെ ഉത്തമപൗരന്മാരാക്കി മാറ്റുക

**ലക്ഷ്യം**

പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവുമുള്ളവരാക്കി മാറ്റുക.
ശാസ്ത്ര വിഷയങ്ങൾ അഭിരുചിയും താല്പര്യവും വളർത്തുക
പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക

| പഠനലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം സകൂളും വീടും പരിസരവും നിരീക്ഷിക്കുന്നു. | *ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം. *പ്രത്യേകതകൾ മനസ്സിലാക്കാൻ. *വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം. ജീവികളുടെ പരസ്പര ആശ്രയത്വം– ചർച്ച *നമുക്കു ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം.<br><br>*പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാൻ. തെറ്റും ശരിയും ചർച്ച ചെയ്യാം | ജൂലൈ– സെപ്റ്റംബർ |
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം | പൂന്തോട്ടം ഒരുക്കൽ | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ. വീട്ടിൽ പൂന്തോട്ടം ഒരുക്കാം | |
| | ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വീട്ടു പരിസരത്ത് വൃക്ഷത്തൈ നടൽ. നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | |
| | പോസ്റ്റർ | പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ. | |

| | | | |
|---|---|---|---|
| | നിർമ്മാണം | പരിസരങ്ങളിൽ പതിക്കൽ. | |
| | ദാഹജലം | പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം . | |
| | ദിനചര്യകൾ ദിനകൃത്യങ്ങൾ | ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു .<br>കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | |
| | ആരാകും ഒന്നാമൻ | ക്ലാസ് തലത്തിൽ ശുചിത്വ മത്സരം നടത്തുന്നു. വ്യക്തി ശുചിത്വം ക്ലാസ്സ്റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | |
| | പരിസര നടത്തം | നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം. മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | |
| | നല്ല ശീലങ്ങൾ പരിശീലിക്കാം | പോസ്റ്ററുകൾ തയ്യാറാക്കാം, പരിസരങ്ങളിൽ പതിക്കാം . | |
| ശാസ്ത്ര വിഷയങ്ങൾ അഭിരുചിയും താല്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് | നമ്മുടെ നാടിന്റെ പരിസ്ഥിതി അടുത്ത് അറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. കുളം, വയൽ മുതലായവ . | |
| | പരീക്ഷണങ്ങൾ | ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ. ക്യാമ്പ് .ശാസ്ത്ര അധ്യാപകനോടൊപ്പം .<br>സ്കൂൾ പരിസരം വീട്ടുപരിസരം .പക്ഷി നിരീക്ഷണം. | |
| നാടിനെ അറിയാം. രാജ്യസ്നേഹം വളർത്താം | സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടാം. | ക്വിസ് മത്സരങ്ങൾ ,ആൽബം തയ്യാറാക്കൽ<br>സ്റ്റാമ്പ് ശേഖരണം ,നാണയ ശേഖരണം | |

# English

| Learning Outcomes | Activities | Activity Details | Duration |
|---|---|---|---|
| Describe the pictures | Picture description | *The teacher shows a picture.<br>*Discussion.<br>*The children talk about the picture.<br><br>Slow learners gives opportunity to express their idea in Malayalam | June to August |
| Arranges word in alphbetical order | Dictionary | *Introducing the Dictionary.<br>*Gives order .<br>*Arranging words in alphabatical order. | July to March |
| Add more exchanges to the conversation suitable to the context | Conversation | *Reading the conversation.<br>*Conversation is acting with friends.<br>*Add more exchanges to the conversation.Slow learners gives opportunity to express thier idea in Malayalam | July to March |
| Identifies rhyming words from the poem | Rhyming words | *Plays the audio of song.<br>*Let's the learners sing after the audio.<br>*Discussion.<br>*Identifies rhyming words. | June to march |
| Add lines to a poem following a set pattern | Add more lines | *Plays the audio of song.<br>*Let's the learners sing after the audio.<br>*Add lines to the poem | July to december |
| Reads and understands the given stories and poem | Let's read | Provides the opportunity to real simple stories and poems.They tell the story they read. | November to march |
| Makes | Riddles | Gives children to the opportunity to hear and answers simple riddles.slow learners gives | August to |

| | | | |
|---|---|---|---|
| simple<br>riddles | | opportunity to express their idea in Malayalam. | march |
| Under takes simple project work given | Project works | Gives instructions . data collection.codyfying | October<br>to<br>march |
| Preparation of the<br>Album | Picture Album | Making album<br>eg.seeds,birds,and flowers etc.... | November<br>to<br>march |

# യു.പി വിഭാഗം

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസമേതം നടത്താനും പല സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **ഭാഷ കേളി** :അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ,ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| | **ഭാഷ നിറവ്** ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിഹാരബോധന പരിപാടി | ജൂൺ നവംബർ | യുപി അധ്യാപകൻ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ലൈബ്രറി പുസ്തകങ്ങൾ മാസികകൾ പത്രം എന്നിവ കുട്ടികൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു | എല്ലാദിവസവും | മലയാള അധ്യാപകൻ | |
| ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനെ ദിനാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | ദിനാചരണങ്ങൾ<br>വായനയും എഴുത്തും പ്രോത്സ്ഥ പ്രോത്സ് പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | വിദ്യാരംഗം ക്ലബ്ബ് | |
| പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കലും , സർഗാത്മകശേഷി വളർത്തലും | സർഗ്ഗ വേള<br>കുട്ടികളിലെ ഭയം സഭാം എന്നിവ മാറ്റിയെടുക്കാൻ സർഗ്ഗ വേള സംഘടിപ്പിക്കുന്നു | അക്കാദമി വർഷം | ക്ലാസ് അധ്യാപകൻ | |
| ആശയങ്ങൾ വിവിധ രീതികൾ | *തലക്കെട്ട് നൽകൽ | അക്കാദമി | മലയാളം | |

| | | | | |
|---|---|---|---|---|
| ആവിഷ്കരിക്കുന്നതി നുള്ള കഴിവ് നേടൽ | * ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>*ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ സംഭാഷണം<br>*എഴുതി തയ്യാറാക്കൽ<br>* പതിപ്പ് | ക വർഷം | അധ്യാപകൻ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | Lend Your Ear<br><br>ലളിതവും രസകരവും ആയി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് ക്ലബ്ബ് | |
| | Follow Me If You Can<br><br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ഉള്ള പരിശീലനം | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News<br><br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രമിക്കുവാൻ അവസരം ഒരുക്കുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treasure Hunt<br><br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു പോയിൻറ് നൽകുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Meet Foreigner<br><br>തനത് ഭാഷ സംസാരിക്കാൻ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു. | | ഇംഗ്ലീഷ് അധ്യാപകൻ | |
| | One Man Show<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകദിന ഏകാന്തന ഏകാഭിനയത്തിന്ക്കു പ്രോത്ന പ്രോത്സാഹനം നൽകുന്നു | | ഇംഗ്ലീഷ് അധ്യാപകൻ | |
| | I Too Can | | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു.പരിശീലിപ്പിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു ലളിതമായതിൽ നിന്നും സങ്കീർണ്ണതയിലേക്ക് | | | |
| | Learning Ladder<br><br>പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ചു വാക്കുകൾ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്ന വർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | ഇംഗ്ലീഷ് അധ്യാപകൻ | |
| | Reader of The Month<br><br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു.Reader of The Month നെ **ആദരിക്കുന്നു.** | | ഇംഗ്ലീഷ് അധ്യാപകൻ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets<br><br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു<br><br>ഫെബ്രുവരി കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone<br>ഇംഗ്ലീഷ് അധ്യാപകൻ സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു. | | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run<br>ദിനാചരണങ്ങളിൽ ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു ഏറ്റവുമാദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun Time Funda | എല്ലാ ഇംഗ്ലീഷ് പിരീഡും | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | കഥ പറയൽ<br>കഥയെഴുത്ത്<br>നാടകം<br>പ്രച്ഛന്നവേഷം<br>കവിത<br>പ്രസംഗം | ഇംഗ്ലീഷ് അധ്യാപകൻ<br>പിടിഎ<br>ഭാരവാഹിക | | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യുപിതലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | *ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷര കാർഡ്, അക്ഷരക്കട്ടകൾ<br>*അക്ഷരമാല കളികൾ<br>*വാക്കുകൾ നിർമ്മാണം<br>*ഓൺലൈൻ വാക്കുകളും അക്ഷരങ്ങളും പരിചയപ്പെടുത്തൽ വാക്കുകൾ<br>*വാക്യങ്ങളുടെ നിർമ്മാണം | ജൂൺ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| വീട് ഒരു പഠന കേന്ദ്രമാക്കി ഹിന്ദി വാക്കുകൾ പഠിക്കുക | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക<br>ഐ.സി റ്റി സഹായത്തോടെ വാക്കുകൾ പരിശീലിക്കുക. | സെപ്തംബർ-ഒക്ടോബർ | ഹിന്ദി അധ്യാപിക | |
| ആശയങ്ങൾ തെറ്റില്ലാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>അധിക വായനസാമഗ്രികൾ<br>ക്ലാസ് ലൈബ്രറി | നവംബർ-ഫെബ്രുവരി | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ്ബ് | |
| സാഹിത്യാഭിരുചി വളർത്തുക | ചിത്രം നോക്കി കഥ പറയൽ<br>ചിത്രം നോക്കി കഥ എഴുതൽ<br>കഥ പൂർത്തിയാക്കൽ<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾക്കാണ്<br>പോസ്റ്റർ നിർമ്മാണം<br>കവിത പൂരണം<br>സ്ലോഗൺ നിർമ്മാണം | നവംബർ-ഫെബ്രുവരി | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ്ബ് | |

# അടിസ്ഥാന ശാസ്ത്രം

പ്രവർത്തനം : പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

ലക്ഷ്യങ്ങൾ :– പരീക്ഷണങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ കഴിയുന്നു

–പരീക്ഷണ ഉപകരണങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുന്നു

–പരീക്ഷണക്കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നു

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സംഘാടന ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | ഔഷധത്തോട്ടം<br>പച്ചക്കറിത്തോട്ടം | ജൂൺ | ശാസ്ത്ര അധ്യാപകൻ | |
| | **കണ്ടറിയാൻ ഒരു പഠനയാത്ര**<br>പുഴയെ അറിയാൻ യാത്രകൾ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ | ഓഗസ്റ്റ് | | |
| | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്ര ക്ലാസുകൾ പരീക്ഷണ കിറ്റ് നിർമ്മാണം | അക്കാദമിക വർഷം | | |
| പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ഒരു പരീക്ഷണം അവതരിപ്പിക്കുന്നു. പരീക്ഷണത്തിന്റെ ആസൂത്രണം എഴുതുന്നു. ആസൂത്രണത്തിൽ ഉൾപ്പെടുത്തേണ്ടവ തിരിച്ചറിയുന്നു. സാമഗ്രികൾ, പരീക്ഷണം ചെയ്യുന്ന വിധം, നിരീക്ഷണ ഫോർമാറ്റ്, നിയന്ത്രിക്കേണ്ട ചരങ്ങൾ. ഒരു പരീക്ഷണം ചെയ്യുന്നതിലേക്കായി പ്രശ്നം അവതരിപ്പിക്കുന്നു പരീക്ഷണത്തിന്റെ ആസൂത്രണം വ്യക്തിഗതമായി തയ്യാറാക്കുന്നു. | ജൂലൈ ഡിസംബർ | ശാസ്ത്ര അദ്ധ്യാപിക | |
| | സാമഗ്രികൾ പരിചയപ്പെടുത്തുന്നു സാമഗ്രികൾ ഉപയോഗിച്ച് പരീക്ഷണം പൂർത്തിയാക്കുന്നു നിരീക്ഷണം നിഗമനം എന്നിവ രേഖപ്പെടുത്തുന്നു നിഗമനങ്ങൾ അവതരിപ്പിക്കുന്നു കൃത്യതപ്പെടുത്തുന്നു പരീക്ഷണക്കുറുപ്പ് തയ്യാറാക്കുന്നു ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു അവതരണം പരീക്ഷണക്കുറുപ്പിൽ ഉൾപ്പെടുത്തേണ്ടവ തിരിച്ചറിയുന്നു. പ്രശ്നം, ലക്ഷ്യം, സാമഗ്രികൾ, പരീക്ഷണരീതി, നിരീക്ഷണഫലം, നിഗമനം, പരീക്ഷണക്കുറിപ്പ് ഇവ മെച്ചപ്പെടുത്തുന്ന പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ. പ്രവർത്തനം ആവർത്തിക്കുന്നു. പരീക്ഷണോത്സവം. | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പാർക്കിലെ ഉപകരണങ്ങൾ പരിചയപ്പെടുക | കുട്ടികളെ പല ഗ്രൂപ്പുകൾ ആക്കി തിരിച്ച് ഇടവേളകളിൽ ശാസ്ത്രമാർക്കിൽ കൊണ്ടുപോകുന്നു ഓരോ ഗ്രൂപ്പ് മഞ്ജു ഉപകരണങ്ങ ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നു നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക്ൾ പ്രദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നു ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നു കാരണങ്ങൾ കണ്ടെത്തി നിഗമനം രൂപീകരിക്കുന്നു കുറുപ്പ് തയ്യാറാക്കുന്നു വിവിധ | ജൂലൈ ഡിസംബർ | | |

| | | | | |
|---|---|---|---|---|
| | സമയങ്ങളിലായി എല്ലാ കുട്ടികൾക്കും ശാസ്ത്രപാർക്കിലെ എല്ലാ ഉപകരണങ്ങളുടെയും കുറിപ്പ് തയ്യാറാക്കുന്നു. | | | |
| ആധുനിക ശാസ്ത്രോപ കരണങ്ങ ൾ കൈകാര്യ ം ചെയ്യാനു ള്ള കഴിവ് വർദ്ധിപ്പി ക്കുക | **ശാസ്ത്രോത്സവം**<br>വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>**യുറേക്ക**<br><br>കുട്ടികളിൽ ശാസ്ത്രം അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദ മിക വർഷം | ശാസ്ത്ര അധ്യാപ കൻ സയൻസ് ക്ലബ് | |
| ജൈവ വൈവിധ്യ ഉദ്യാനം വിവിധ വിഷയങ്ങളു ടെ പഠനത്തി നായി ഉപയോഗ പ്പെടുത്തു ന്നു | ജൈവവൈവിധ്യ ഉദ്യാനം<br>മരവാഴ, ഇത്തിൾ ഇവ പ്രദർശിപ്പിക്കുന്നു. ഇവയുടെ നേരിട്ടുള്ള നിരീക്ഷണ സാധ്യത ചെയ്യുന്നു .ജൈവവൈവിധ്യ ഉദ്യാനത്തിലെ ഘടകങ്ങൾ തിരിച്ചറിയുന്നു. അതായത് ഔഷധത്തോട്ടം, പൂന്തോട്ടം, കൃഷിത്തോട്ടം, കുളം, റോഡ് ഗാർഡൻ ,നക്ഷത്രവനം, ശലഭോദ്യാനം, ജൈവവൈവിധ്യ ഉദ്യാനം. ജൈവവിധ്യഉദ്യാനം പ്രയോജനപ്പെടുത്തുന്നു. കുട്ടികളുടെ വീട്ടിൽ ചെറിയ രീതിയിൽ ഉദ്യാനം നിർമ്മിക്കാനുള്ള പ്രചോദനം നൽകുന്നു. വിപുലപ്പെടുത്തുകയും ചെയ്യുന്നു | അക്കാദ മിക വർഷം | ശാസ്ത്ര അധ്യാപ കൻ സയൻസ് ക്ലബ് | |
| ശാസ്ത്രരം ഗത്തെ അനൂതന ആശയങ്ങ ൾ നൂതന ആശയങ്ങ ൾ ആധുനിക സാങ്കേതി കവിദ്യയു ടെ സാധ്യതക ളുമായി ബന്ധപ്പെ ടുത്തി ശാസ്ത്ര | **വിസ്മയ യാത്ര**<br><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര ബിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര തത്വങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം അക്കാദമിക വർഷം ശാസ്ത്ര അധ്യാപകൻ ശാസ്ത്ര ക്ലബ്ബ് പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാൽ സുഗത വർദ്ധിപ്പിക്കുക ഇലക്ട്രോണിക് റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദ മിക വർഷം | ശാസ്ത്ര അധ്യാപ കൻ | |

| | | | | |
|---|---|---|---|---|
